## സർക്കുലർ

143 /NSS/DHSE/2017 20/10/2017

നാഷണൽ സർവ്വീസ് സ്കീമിന്റെ ആഭിമുഖ്യത്തിൽ സംസ്ഥാനത്തെ ഹയർ സെക്കണ്ടറി വിദ്യാർത്ഥികൾക്കായി നിയമാവബോധ പരിപാടി സംഘടിപ്പിക്കുന്നു. നമ്മുടെ രാജ്യത്ത് നിലനിൽക്കുന്ന നിയമങ്ങളെപ്പറ്റി കൂടുതൽ മനസ്സിലാക്കുന്നത് എൻഎസ്എസ് വോളണ്ടിയർമാരെ അവരുടെ അവകാശങ്ങളെയും ചുമതലകളെക്കുറിച്ചും അവബോധം സൃഷ്ടിക്കുന്നതിനും അവരെ കൂടൂതൽ ദേശസ്നേഹികളായ പൗരൻമാരായി വളർത്തിയെടുക്കാനും സഹായിക്കുന്നു. ഇതിനായി എൻഎസ്എസ് സംസ്ഥാനതലത്തിൽ രൂപം കൊടുത്ത പരിപാടിയാണ് ‘**നിയമസാക്ഷരത**’. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാർലമെന്ററി അഫയേഴ്സിന്റെ സഹകരണത്തോടെയാണ് ഈ പരിപാടി സംഘടിപ്പിക്കുന്നത്.

നിയമസാക്ഷരതയുടെ സംസ്ഥാനതല ഉദ്ഘാടനം എറണാകുളം ജില്ലയിലെ കോലഞ്ചേരി സെന്റ് പീറ്റേഴ്സ് ഹയർ സെക്കണ്ടറി സ്കൂളിൽ വച്ച് ഒക്ടോബർ 27 -ാം തീയതി മുൻമനുഷ്യാവകാശ കമ്മീഷൻ ചെയർമാൻ ജസ്റ്റിസ് ജെ.ബഞ്ചമിൻ കോശി നിർവ്വഹിക്കുന്നു. തുടർന്ന് മേഖലാതലത്തിലും യൂണിറ്റുതലത്തിലും പ്രസ്തുത പരിപാടി സംഘടിപ്പിക്കുന്നതാണ്. യൂണിറ്റുതലത്തിൽ നിയമസാക്ഷരതാ സന്ദേശം എത്തിക്കുന്ന പരിപാടികൾ ജില്ലാതലത്തിൽ ആലോചിച്ച് നവംബർ മാസത്തെ ജില്ലാ പ്രോഗ്രാം കൺവീനർമാരുടെ മീറ്റിംഗിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

ഒപ്പ്
ഡോ.ജേക്കബ് ജോൺ
പ്രോഗ്രാം കോഡിനേറ്റർ